**22.സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യ വൽക്കരണത്തിനുമുള്ള സഹായം.**

(വിഹിതം :400.00 ലക്ഷം രൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 120.00 | 3.50 | 2425-108-60-33 | 120.00 |
| 200.00 | 7.00 | 4425-108-50-34-3 | 150.00 |
| 230.00 | 7.00 | 6425-108-28 | 130.00 |
| **550.00** | **17.50** | | **400.00** |

പദ്ധതിയിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

എ) സഹകരണ സംഘങ്ങൾക്ക് ലാഭകരമായതോ/പ്രായോഗികമായതോ ആയ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക എന്നതാണ് ഈ ഉപഘടകം കൊണ്ട് ഉദ്ദേശിക്കുന്നത്. മികച്ച രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാവിഭാഗം സംഘങ്ങൾക്കും ഈ പദ്ധതിക്ക് കീഴിൽ സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്. പ്രോജക്റ്റ് ചെലവിന്റെ 50 ശതമാനം വരെ പരമാവധി സഹായം നൽകുന്നു. ബാക്കി ആവശ്യമായ തുക സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കണ്ടെത്തേണ്ടതാണ്. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം സബ്സിഡി, 20 ശതമാനം ഓഹരി, 20 ശതമാനം വായ്പ എന്നിങ്ങനെ സഹായം നൽകുന്നതാണ്.

ബി) ദുർബ്ബലവും എന്നാൽ പ്രായോഗികവും/ ശക്തിയാർജ്ജിക്കാൻ സാദ്ധ്യത-യുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം ഉദ്ദേശിച്ചുള്ളതാണ് ഈ ഘടകം. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതിയുടെ പ്രവർത്തനക്ഷമത എന്നിവയാണ് സഹായം നൽകുന്നതിനു പ്രധാനമായി പരിഗണിക്കുന്നത്. അർഹതപ്പെട്ട പരമാവധി സഹായം പദ്ധതി ച്ചെലവിന്റെ 65% കവിയാൻ പാടില്ല. ബാക്കി തുക മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഫിനാൻസ് വഴിയോ സംഘങ്ങളുടെ തനതുഫണ്ടിൽ നിന്നോ സമാഹരിക്കണം. സബ്സിഡി 20 ശതമാനം, ഓഹരി 20 ശതമാനം, ലോൺ 25 ശതമാനം എന്നീ നിരക്കിലാണ് സഹായം അനുവദിക്കുന്നത്. പ്രവർത്തനരഹിതമായ/പ്രവർത്തനം നിലച്ച പ്രാഥമിക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒറ്റത്തവണ സഹായവും ഈ ഉപഘടകത്തിൻ കിഴിൽ

പരിഗണിക്കുന്നതാണ്. അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:1:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരിമൂലധനം, ലോൺ എന്നീ രൂപത്തിലായിരിക്കും സഹായം നൽകുക. ഇങ്ങനെ സഹായം ലഭിക്കുന്ന സംഘങ്ങളെ പതിവായി നിരീക്ഷിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യും.

മേൽ പറയുന്ന രണ്ട് മാനദണ്ഡങ്ങളും ഒരുമിച്ച് നിറവേറ്റുന്ന സംഘങ്ങളെയാണ് ദുർബലമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനായി യോഗ്യരായി തെരഞ്ഞെടുക്കുന്നത്: സഞ്ചിത നഷ്ടം സൊസൈറ്റിയുടെ തനതു ഫണ്ടിനേക്കാൾ അധികരിക്കാൻ പാടില്ല. കൂടാതെ, സൊസൈറ്റിക്ക് കുറഞ്ഞത് 10 വർഷത്തെ ഫലപ്രദമായ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

പദ്ധതിയുടെ കീഴിലുള്ള മേൽപ്പറഞ്ഞ ഉപഘടകങ്ങൾക്കായി 2026-27 ബജറ്റിൽ 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.